## പുരപ്പുറ സോളാർ പദ്ധതി (MNRE – Roof Top Solar Subsidy Scheme)

കേന്ദ്ര സർക്കാർ സബ്സിഡിയോടുകൂടി ഗ്രിഡ് കണക്ടഡ് സൗര വൈദ്യുതി നിലയം സ്ഥാപിക്കുന്ന പദ്ധതി തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗത്തിന്റെ പരിധിയിലുള്ള ഗാർഹിക ഉപഭോക്താക്കൾക്കായി ആരംഭിച്ചിട്ടുണ്ട്. സ്ഥാപിതശേഷിയുടെ പരിധി അനുസരിച്ച് ഉപഭോക്താവിന് ലഭിക്കുന്ന സബ്സിഡി വ്യത്യസ്ഥമായിരിക്കും. ആദ്യത്തെ 3 KW വരെ ഒരു കിലോ വാട്ടിന് 14,588/- രൂപ വീതവും തുടർന്നുള്ള ഓരോ കിലോവാട്ടിനും 7,294/- രൂപ വീതവും പരാമവധി 10 KW വരെ ലഭിക്കുന്നതാണ്. ഉത്പാദിപ്പിക്കുന്ന വൈദ്യുതി മുഴുവനായി ഉപഭോക്താവിന് ഉപയോഗിക്കാവുന്നതും അധികമുള്ള വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകാവുന്നതുമാണ്. www.solarrooftop.gov.in എന്ന നാഷണൽ പോർട്ടലിലൂടെയാണ് സബ്സിഡിയുള്ള പുരപ്പുറ സോളാർ സ്കീമിന് അപേക്ഷിക്കേണ്ടത്. തുടർന്നുള്ള നടപടിക്രമങ്ങൾ നാഷണൽ പോർട്ടലിലൂടെ മനസ്സിലാക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്നതിന് ഉപഭോക്താവിന്റെ മൊബൈൽ നമ്പർ, ഇ-മെയിൽ ഐ.ഡി. എന്നിവ ആവശ്യമാണ്. കൂടാതെ ഒ.ടി.പി. വെരിഫിക്കേഷന് SANDES APP കൂടി ഡൗൺലോഡ് ചെയ്യണം.

### പുരപ്പുറ സോളാർ പദ്ധതിക്കായുള്ള വിവിധ നടപടിക്രമങ്ങൾ

1) www.solarrooftop.gov.in നാഷണൽ പോർട്ടലിൽ സൈൻ ഇൻ ചെയ്യുക.
2) പുരപ്പുറ സോളാർ പദ്ധതിക്കായി അപേക്ഷ സമർപ്പിക്കുക.
3) സമർപ്പിച്ച അപേക്ഷ യോഗ്യമെങ്കിൽ ബന്ധപ്പെട്ട സെക്ഷനുകളിൽ നിന്നും ടെക്നിക്കൽ ഫീസിബിലിറ്റി (TFA) അനുവദിക്കുന്നു.
   a) പോർട്ടൽ വഴി വെൻഡറെ തെരഞ്ഞെടുത്ത് അവരുമായി MNRE നിർദ്ദേശിച്ച പ്രകാരമുള്ള കരാർ ചമയ്ക്കേണ്ടതുണ്ട്.
4) തുടർന്ന് സോളാർ സ്ഥാപിച്ച റിപ്പോർട്ട് സമർപ്പിക്കണം.
5) MNRE നിർദ്ദേശിച്ച മാനദണ്ഡങ്ങൾ പാലിച്ചിട്ടാണോ സോളാർ സ്ഥാപിച്ചിട്ടുള്ളതെന്ന് TCED യിൽ നിന്നും ഉദ്യോഗസ്ഥർ പരിശോധിക്കുന്നു. MNRE മാനദണ്ഡങ്ങൾക്കു വിധേയമായിട്ടാണ് സോളാർ സ്ഥാപിച്ചതെങ്കിൽ തൃശ്ശൂർ കോർപ്പറേഷൻ വൈദ്യുതി വിഭാഗം നെറ്റ്-മീറ്റർ സ്ഥാപിക്കുന്നു.
6) TCED വിഭാഗം നെറ്റ്-മീറ്റർ സ്ഥാപിച്ചതിനു ശേഷം കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി പൂർത്തീകരണ റിപ്പോർട്ട് സമർപ്പിക്കുന്നു. കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ഉപഭോക്താവിന് പോർട്ടലിൽ ദൃശ്യമാണ്.
7) കമ്മീഷനിംഗ് സർട്ടിഫിക്കറ്റ് ലഭ്യമായ ശേഷം അപേക്ഷകന് സബ്സിഡിയുമായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി അപേക്ഷകൻ ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ സമർപ്പിക്കേണ്ടതാകുന്നു.
8) MNRE മാർഗ്ഗനിർദ്ദേശപ്രകാരം എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് പുരപ്പുറ സോളാർ പദ്ധതി പൂർത്തിയാക്കുന്ന ഉപഭോക്താവിന് സബ്സിഡി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനുള്ളിൽ കേന്ദ്രഗവൺമെന്റിൽ നിന്നും അർഹമായ സബ്സിഡി ലഭ്യമാകുന്നതാണ്.